(ബി) തൂക്കുകുളം (എൻ), പുടുകാട്, പഴവീട്, ഇ.എസ്.ഐ., വടിയകുളം കോൺവെന്റ് സ്കൂയർ, ആറിശ്ശേരി, വെള്ളക്കിണർ, വഴിപ്പേരി, പന്തനക്കാവ് ജംഗ്ഷൻ, പന്തനക്കാവ് കാർട്ടേഴ്സ്, പഴവങ്ങാടി ജംഗ്ഷൻ, പഴവങ്ങാടി കാർട്ടേഴ്സ്, വടികാട്, പാത്തനാട്, പൂന്തോപ്പ്, കനാൽ വാർഡ്, കൊഞ്ചാടി, കരളകം പാടം, വേടിയാകുളം എന്നീ പന്ത് റൗസുകളിൽ നിന്നുമാണ് ആറന്മുള നഗരസഭയിലേക്ക് പനിംഗ് നടക്കുന്നത്.

(സി) ഇ.എസ്.ഐ., പുടുകാട് ജംഗ്ഷൻ എന്നിവിടങ്ങളിലെ കുഴൽ കിണറുകൾ തകരാറിലാണ്. വരൾച്ച പദ്ധതി 2014 പ്രകാരം രണ്ട് സവലത്തും പുതിയ കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് അനുമതിയായിട്ടുണ്ട്.

കുട്ടനാട് പാക്കേജിലെ പുറംബണ്ട് നിർമ്മാണ പ്രവൃത്തികൾ

135 (6840) ശ്രീ. തോമസ് പാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജിൽ കെ.ഇ.എൽ.II സ്കീമിൽപ്പെടുത്തി സി&ഡി ബ്ലോക്കുകളിലെയും റാണി പിത്തിര ബ്ലോക്കിലെയും പുറംബണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് നാളിതുവരെ എന്തുതുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ കാലാവധി 31-12-2014 വരെ ദീർഘിപ്പിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ബ്ലോക്കുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഇനി എന്തുതുകകൂടി ആവശ്യമായിവരുമെന്നുള്ളതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. റാണി & പിത്തിര - ₹. 19,34,96,909
2. സി & ഡി - ₹ 16,75,78,746

(ബി)ടി പ്രവൃത്തികളുടെ കാലാവധി 31-12-2014 വരെ ദീർഘിപ്പിച്ചു കിട്ടുന്നതിനുവേണ്ടി കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. ജലകമ്മീഷന്റെ ഉത്തരവ് ലഭിച്ചിട്ടില്ല.

(സി) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി എഗ്രിമെന്റ് പ്രകാരം റാണി & പിത്തിര ബ്ലോക്കിന് 10,10,19,026 രൂപയും സി & ഡി ബ്ലോക്കിന് 11,06,42,897 രൂപയും ഇനി ആവശ്യമായി വരും.

LIBRARY ARCHIVES Kerala Legislative Assembly